TB Movie Panel Weekly Review

#MoviePanel

കാണെക്കാണെ

Written By: Jithesh Mangalath

കാണെക്കാണെയിൽ ഒരു നിർണായകരംഗത്ത് സുരാജ് വെഞ്ഞാറമ്മൂടിന്റെ രണ്ട് ഡയലോഗുകളുണ്ട്,സെക്കൻഡുകളുടെ മാത്രം ഇടവേളയിൽ.അതിലാദ്യത്തേത് ഇങ്ങനെയാണ്."ഞാൻ ജീവനോടുണ്ടായിരുന്നില്ലേ?"ഒരു മാത്ര നിശ്ശബ്ദത.പിന്നെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന്,പിഞ്ഞിക്കീറിയ ശബ്ദത്തിൽ അതിനൊരടിവര കൂടി"ഞാൻ...ഉണ്ടായിരുന്നില്ലേ?"ആ രണ്ട് ഡയലോഗുകളിലും,അതിന്റെ മോഡുലേഷൻ വേരിയേഷനിലും,പിന്നെ ആ ഉണ്ടായിരുന്നില്ലേയ്ക്കു മുമ്പിലുള്ള ഇടർച്ചയിലും ഒളിഞ്ഞു കിടപ്പുണ്ട് സുരാജെന്ന അഭിനേതാവിന്റെ അസൂയാവഹമായ ഫോം.അയാൾ ഒരു ബ്രില്യന്റ് ആക്ടറാണെന്ന് മുമ്പേ തെളിയിച്ചതാണ്.പക്ഷേ തന്റെ പെർഫോമൻസ് കൺസിസ്റ്റൻസി ഇത്രമേൽ കണിശമായി കാത്തുസൂക്ഷിക്കുന്ന മറ്റൊരാക്ടർ മോളിവുഡിൽ ഇപ്പോഴുണ്ടോ എന്ന ചോദ്യം ഉയർത്താൻ ഓരോ സിനിമ കഴിയുമ്പോഴും അയാൾക്കാവുന്നുണ്ടെന്നുള്ളതാണ് എന്നെ അതിശയിപ്പിക്കുന്നത്.

മനുഷ്യമനസ്സിന്റെ ഇരുളിനെയും,വെളുപ്പിനേയും ഫോക്കസ് ചെയ്യാതെ,അവയ്ക്കിടയിലെ ഗ്രേ ഏരിയകളെ സർജിക്കൽ പ്രിസിഷനോടെ സമീപിക്കുന്ന ബോബി-സഞ്ജയ് ടീമിന്റെ രചനാശൈലിയുടെ മറ്റൊരുദാഹരണമാണ് കാണെക്കാണെ.എത്രത്തോളം ദുർബലമാണ് ഗ്രേ സോണിലെ മനുഷ്യരെന്ന് നോട്ട്ബുക്കിലും,അയാളും ഞാനും തമ്മിലും,എന്റെ വീട് അപ്പൂന്റെയിലും,ട്രാഫിക്കിലും ഒക്കെ ഇരുവരും കാണിച്ചു തന്നിട്ടുണ്ട്.പ്രത്യക്ഷത്തിൽ സിമ്പിളായ പ്ലോട്ടുകളിൽ നിന്ന് ധാർമ്മികതയുടെ ലെയറുകൾ കണ്ടെത്താനും,അവയുടെ നിർധാരണത്തിലൂടെ ബന്ധങ്ങൾക്കിടയിൽ വളർന്നുവരുന്ന സങ്കീർണ്ണതകളെ ആഖ്യാനം ചെയ്യുന്നതിലും അവർക്ക് പ്രത്യേകമായൊരു കഴിവു തന്നെയുണ്ടെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്.പതിയെ തുടങ്ങി വൈകാരികതളുടെ ഒരു പെരുമഴപ്പെയ്ത്തിലേക്ക് നമ്മെ പിടിച്ചിറക്കുന്ന ആ ബോബി-സഞ്ജയ് മാജിക് ഇവിടെയും ദൃശ്യമാണ്.

സുരാജ് അവതരിപ്പിക്കുന്ന പോളും,അയാളുടെ മകളുടെ ഭർതൃവേഷം അവതരിപ്പിക്കുന്ന ടോവിനോയുടെ അലനും തമ്മിലുള്ള വൈകാരികസംഘർഷങ്ങളാണ് കാണെക്കാണെയുടെ പ്ലോട്ടിനെ ഡ്രൈവ് ചെയ്യുന്നത്.എഴുത്തുകാരനും,സംവിധായകൻ മനു അശോകും നന്മ തിന്മയെ പ്രത്യക്ഷമായി ജയിക്കുന്ന ക്ലീഷേയെ ബോധപൂർവ്വം തന്നെ

ഒഴിവാക്കുന്നുണ്ട്.പോളിന്റെ കൂടെ സഞ്ചരിക്കുമ്പോഴും,അലന്റെ വികാരവിചാരങ്ങളെ കൃത്യമായി പിന്തുടരാൻ സിനിമയ്ക്കാവുന്നുണ്ട്.പോളിലെയും,അലനിനെലെയും പിതൃബിംബങ്ങളെ പക്ഷം പിടിക്കാതെത്തന്നെ വിചാരണ ചെയ്യാൻ സ്ക്രിപ്റ്റ് ശ്രമിക്കുന്നുമുണ്ട്.പോളിന്റെ വീക്ഷണത്തിൽ നിന്ന് അലനിന്റേതിലേക്കു മാറുന്ന,അപ്പോഴും നിർമമത കൈവിടാത്ത പരിചരണരീതിയാണ് എന്നെ സംബന്ധിച്ചിടത്തോളം കാണെക്കാണെയുടെ സിൽവർലൈൻ.

സുരാജ് വെഞ്ഞാറമ്മൂടിന്റെ ടെറിഫിക് ഫോമിനു മുമ്പിൽ മിക്കവരും വിസ്മരിച്ചേക്കാവുന്ന ടൊവീനോയുടെ മനോഹരമായ അണ്ടർആക്ടിനെക്കുറിച്ചു കൂടി പരാമർശിക്കാതെ കടന്നുപോകുന്നത് ശരിയല്ലെന്ന് തോന്നുന്നു.കുറ്റബോധം വേട്ടയാടുന്ന അലന്റെയുള്ളിലെ സംഘർഷങ്ങൾ അയാളിൽ ഭദ്രമായിരുന്നു.അച്ഛനായും,മകനായും ഒരേ സാഹചര്യം നേരിടാൻ നിർബന്ധിതനാകുന്ന അയാളുടെ ധാർമ്മിക ബോധത്തിന്റെ വേവലാതികൾ ടൊവിനോ ഭംഗിയായിത്തന്നെ ആവിഷ്കരിച്ചിട്ടുണ്ട്.ഏറെ നാളുകൾക്കു ശേഷം ഐശ്വര്യ ലക്ഷ്മി ഒരു റോളിൽ കംഫർട്ടബിളായി അനുഭവപ്പെടുന്നതും ഈ സിനിമയിലാണ്.വാശിക്കാരിയായ കാമുകിയിൽ നിന്നും,രോഷാകുലയായ ഭാര്യയിലേക്കും,പിന്നീട് തീരുമാനങ്ങളെടുക്കാൻ പ്രാപ്തയായ സ്ത്രീയിലേക്കുമുള്ള ട്രാൻസിഷനുകൾ അവർ പതർച്ചയില്ലാതെത്തന്നെ അവതരിപ്പിച്ചിട്ടുണ്ട്.

ആൽബിയുടെ ക്യാമറയും,രഞ്ജിൻ രാജിന്റെ സംഗീതവും കാണെക്കാണെയെ പ്ലോട്ട്സെൻട്രിക്കായി നിർത്താനും,കാണികളിൽ ഉദ്വേഗം നിറയ്ക്കാനും സഹായിക്കുന്നുണ്ട്.ഉയരെയിലൂടെ ഇംപ്രസീവായ അരങ്ങേറ്റം കുറിച്ച മനു അശോക് കാണെക്കാണെയിലൂടെ തന്റെ പെർഫോമൻസ് ബാർ ആശാവഹമായ രീതിയിൽ ഉയർത്തുന്നു.

വെർഡിക്ട്:സ്ലോ പോയ്സൺ ❤️💙